**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 916** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വീട്ടുകളിൽ ആവശ്യത്തിന് പഠന സൗകര്യമില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സാഹചര്യം ഒരുക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന പഠനമുറി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന സിലബസ് കൂടാതെ 8-ാം ക്ലാസ് മുതൽ കേന്ദ്രീയ വിദ്യാലയങ്ങളിലും പഠിക്കുന്ന കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത പട്ടിക ജാതി കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് നിലവിലുള്ള വീടിനോടൊപ്പം 120 സ്ക്വയർ ഫീറ്റ് വലിപ്പത്തിൽ പഠന മുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകി വരുന്നു. ഗ്രാമസഭ ലഭ്യമാക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 5മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടി പഠനമുറി പദ്ധതി വ്യാപിപ്പിക്കാൻ ഇപ്പോൾ തീരുമാനമെടുത്തിട്ടുണ്ട്.<br><br>പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യ പഠന മുറികൾ പ്രവർത്തിച്ചു വരുന്നു . |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രീയ വിദ്യാലയത്തിലെ കുട്ടികളെക്കൂടി പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നതും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതുമായ പട്ടിക ജാതി കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് കൂടി പഠന മുറി ധനസഹായം അനുവദിച്ചു വരുന്നു .<br><br>പട്ടികവർഗ്ഗ ഊരുകളിൽ പഠന സേവനം ആവശ്യമുള്ള എല്ലാ വിദ്യാർഥികൾക്കും സാമൂഹ്യ പഠന മുറികളിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ